<u>പതിനാലാം കേരള നിയമസഭ</u>

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1295 03.12.2018 -ൽ മറുപടിക്ക്

<u>ക്ലാസ്സ് മുറികൾ സ്മാർട്ടാക്കാൻ സഹായം</u>

ചോദ്യം

ഉത്തരം

ശ്രീ.വി. അബ്ദുറഹിമാൻ

പ്രൊഫ : സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ എത്ര എയ്ഡഡ് സ്കൂൾ ക്ലാസ്സ് മുറികൾക്ക് സ്മാർട്ടാക്കാൻ സഹായം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; | എ) | മലപ്പുറം ജില്ലയിലെ ക്ലാസ് മുറികൾ സജ്ജമായ എല്ലാ എയിഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ജില്ലയിൽ ആകെയുള്ള 180 എയ്ഡഡ് സ്കൂളുകളിൽ 176 സ്കൂളുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) | ഇനി മലപ്പുറം ജില്ലയിൽ എയ്ഡഡിലും സർക്കാർ മേഖലയിലും എത്ര ക്ലാസ്സ് മുറികളാണ് സ്മാർട്ടാക്കാൻ ബാക്കിയുള്ളത് എന്നറിയിക്കുമോ? | ബി) | ജില്ലയിൽ ക്ലാസ് മുറികൾ സജ്ജമായ എല്ലാ സർക്കാർ,എയിഡഡ് ഹൈസ്കൂൾ,ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി ക്ലാസ് മുറികളിലും ഉപകരണങ്ങൾ ലഭ്യമാക്കി. ജില്ലയിലെ 745 എയ്ഡഡ് സ്കൂൾ ക്ലാസ് മുറികളിലും 257 സർക്കാർ സ്കൂൾ ക്ലാസ് മുറികളിലും വേണ്ടത്ര സജ്ജീകരണം ഇല്ലാത്തതിനാൽ നിലവിൽ മൗണ്ടിംഗ് നടത്തിയിട്ടില്ല. പ്രസ്തുത സ്കൂളുകളുടെ സൗകര്യങ്ങളും ആവശ്യകതയും കണക്കാക്കി സജ്ജമാകാത്ത ക്ലാസ് മുറികളിലെ ഹൈടെക്ക് പഠനവും സാധ്യമാക്കുന്നതിന് സ്കൂളുകൾക്ക് അർഹതപ്പെട്ട ഉപകരണങ്ങളിൽ നിശ്ചിത എണ്ണം പൊതുവായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ